പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 534 | 29.6.2011-ൽ മറുപടിക്ക് |
|---|---|

## റാന്നി മണ്ഡലത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ നവീകരണത്തിനും തസ്തിക നികത്തുന്നതിനും നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | അഡ്വ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) റാന്നി-പെരുനാട് സി.എച്ച്.സി-യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപയുടെ ഫണ്ടാണ് ലഭ്യമായിട്ടുള്ളത്; ആരാണ് ഇതിന്റെ നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്; നിർമ്മാണ പുരോഗതി വിശദമാക്കുമോ; നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് അടിയന്തിരമായി സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | എ) റാന്നി-പെരുനാട് സി.എച്ച്.സി-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 50,71,276/- രൂപ അനുവദിച്ചിട്ടുണ്ട്. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് ആണ് കെട്ടിട നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്. ഒന്നാം ഘട്ട നിർമ്മാണത്തിന്റെ ഭാഗമായി ഫ്ളോറിങ് അവസാനിച്ചു. രണ്ടാം ഘട്ട നിർമ്മാണം പുരോഗമിക്കുന്നു. |
| ബി) ശബരിമല സ്ഥിതി ചെയ്യുന്ന പഞ്ചായത്തിന്റെ ആസ്ഥാനമായ റാന്നി-പെരുനാട്ടിലെ സി.എച്ച്.സിയിൽ ഡോക്ടർമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത്; ഈ തസ്തികകളിൽ എത്ര പേരാണ് ജോലി ചെയ്യുന്നത്; സി.എച്ച്.സി യിൽ എത്ര തസ്തികകളാണ് അനുവദിക്കേണ്ടത്; വർക്കിംഗ് അറേഞ്ച്മെന്റിൽ ആരെങ്കിലും ജോലി ചെയ്തു വരുന്നുണ്ടോ; എങ്കിൽ എത്ര പേർ; | ബി) റാന്നി-പെരുനാട് സി.എച്ച്.സിയിൽ ഡോക്ടർമാരുടെ 5 തസ്തികയാണ് നിലവിലുള്ളത്. അതിൽ ഒരു ഡോക്ടർ തിരുവല്ലയിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നു. ഒരു ഡോക്ടർ ലീവിലാണ്. ഒരു സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐ.പി.എച്ച്.എസ് സ്റ്റാന്റേർഡ് പ്രകാരം സ്പെഷ്യാലിറ്റി ഉൾപ്പെടെ ഏറ്റവും കുറഞ്ഞത് 7 ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിക്കേണ്ടത്. എന്നാൽ കേരളത്തിലെ സി.എച്ച്.സികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരെ ഈ പാറ്റേണിൽ തസ്തിക സൃഷ്ടിച്ച് നിയമിക്കാൻ കഴിഞ്ഞിട്ടില്ല. റാന്നി-പെരുനാട് സി.എച്ച്.സിയിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ഡോക്ടർമാർ ആരും ജോലി ചെയ്തു വരുന്നില്ല. |

അനുബന്ധം ലൈബ്രറിയിൽ ഉണ്ട്.

| | |
|---|---|
| സി) സി.എച്ച്.സി ഡോക്ടർ തസ്തിക അനുവദിച്ച്, ഡോക്ടർമാരെ പോസ്റ്റ് ചെയ്യുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ; | സി) നിലവിൽ റാന്നി-പെരുനാട് സി.എച്ച്.സിയിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. അവധി /വർക്കിംഗ് അറേഞ്ച്മെന്റ് നിമിത്തമുള്ള താത്കാലിക ഒഴിവുകളാണ് നിലവിലുള്ളത്. ആവശ്യമായ പക്ഷം ഇത്തരം ഒഴിവിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) റാന്നി താലൂക്കിലെ വെച്ചൂച്ചിറ പി.എച്ച്.സിയെ സി.എച്ച്.സി ആക്കി ഉയർത്തിയത് എന്നാണ്; ഇവിടെ എത്ര തസ്തികകളാണ് ഇപ്പോൾ നിലവിലുള്ളത്; സി.എച്ച്.സി പാറ്റേൺ അനുസരിച്ച് ആവശ്യമായ തസ്തികകളിൽ ഏതൊക്കെയാണ് ഇവിടെ കുറവുള്ളത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; നിലവിലുള്ള തസ്തികകളിൽ ഏതൊക്കെയാണ് ഒഴിവുള്ളത്; സി.എച്ച്.സി പാറ്റേൺ പ്രകാരം തസ്തികയനുവദിച്ച് ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | ഡി) 6.11.2008 -ലെ സർക്കാർ ഉത്തരവ് പ്രകാരം റാന്നി താലൂക്കിലെ വെച്ചൂച്ചിറ പി.എച്ച്.സിയെ സി.എച്ച്.സി ആക്കി ഉയർത്തി.<br><br>ഇവിടെ നിലവിലുള്ള തസ്തികകളുടെയും കുറവുള്ള തസ്തികകളുടെയും ഇനം തിരിച്ചുള്ള പട്ടിക അനുബന്ധം -(എ) ആയി ചേർക്കുന്നു.<br><br>ഐ.പി.എച്ച്.എസ് പ്രകാരം താഴെ പറയുന്ന തസ്തികകൾ ആവശ്യമാണ്.<br><br>സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ -5<br>നോൺ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ-2<br>സ്റ്റാഫ് നഴ്സ് -12<br>ഫാർമസിസ്റ്റ് -2<br>ലാബ് ടെക്നീഷ്യൻ - 2<br>ഒഫ്താൽമിക് അസിസ്റ്റന്റ്- 1<br>റേഡിയോഗ്രാഫർ- 1<br>സെക്യൂരിറ്റി -1<br>ജെ.പി.എച്ച്.എൻ -2<br>ഹെൽത്ത് സൂപ്പർവൈസർ-1<br>ലേഡി ഹെൽത്ത് സൂപ്പർവൈസർ -1<br><br>കേരളത്തിലെ സി.എച്ച്.സികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരെ ഈ പാറ്റേണിൽ തസ്തിക സൃഷ്ടിച്ച് നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

| | |
|---|---|
| ഇ) കാണിയ്ക്കര സി.എച്ച്.സി യിൽ ഇപ്പോൾ നിലവിലുള്ള തസ്തികകൾ എത്രയെന്നും അവയിൽ ജോലി ചെയ്യുന്നവരുടെ വിശദ വിവരങ്ങളും സി.എച്ച്.സി നിലവാരത്തിൽ ഇവിടെ തസ്തിക അനുവദിക്കാനും അവയിൽ നിയമനം നടത്തുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ? | ഇ) കണിയ്ക്കര സി.എച്ച്.സി യിൽ ഇപ്പോൾ നിലവിലുള്ള തസ്തികകളുടെ എണ്ണവും അവയിൽ ജോലി ചെയ്യുന്നവരുടെ വിശദ വിവരങ്ങളും അനുബന്ധം -(ബി) ആയി ചേർക്കുന്നു.<br>സി.എച്ച്.സി നിലവാരത്തിൽ ഇവിടെ തസ്തിക അനുവദിക്കുന്ന കാര്യവും അവയിൽ നിയമനം നടത്തുന്ന കാര്യവും പരിശോധിക്കുന്നതാണ്. |



സെക്ഷൻ ഓഫീസർ